# കേരള വോളി ലീഗ് ഫെബ്രുവരിയിൽ; മമ്മൂട്ടി ബ്രാൻഡ് അംബാസഡർ



കൊച്ചി: ഐ.പി.എൽ മാതൃകയിൽ കേരളത്തിൽ സംഘടിപ്പിക്കുന്ന കേരള വോളിബാൾ ലീഗ് (കെ.വി.എൽ) അടുത്ത വർഷം ഫെബ്രുവരി 20 മുതൽ 28 വരെ കോഴിക്കോട്ട് നടക്കും. കേരള വോളിബാൾ അസോസിയേഷനുമായി സഹകരിച്ച് സ്പോർട്സ് കൺസൾട്ടാണ് ടൂർണമെൻറ് സംഘടിപ്പിക്കുന്നത്. കൊച്ചിയിൽ നടന്ന ചടങ്ങിൽ കെ.വി.എൽ ബ്രാൻഡ് അംബാസഡറായ നടൻ മമ്മൂട്ടി ടൂർണമെൻറ് ലോഗോ പ്രകാശനം ചെയ്തു.

ആറ് ടീമുകളാണ് പ്രഥമ കെ.വി.എല്ലിൽ പങ്കെടുക്കുക. വോളിബാൾ അസോസിയേഷൻ തയാറാക്കിയുള്ള 100 കളിക്കാരുടെ പട്ടികയിൽനിന്ന് ലേലത്തിലൂടെയാണ് കളിക്കാരെ ടീമിൽ ഉൾപ്പെടുത്തുക. 12 അംഗ ടീമിൽ നാലുപേരെ പുറത്തുനിന്ന് ഉൾപ്പെടുത്താം. അണ്ടർ 21 തലത്തിലെ രണ്ടുകളിക്കാർ നിർബന്ധമാണ്. കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ ടീമുകളെ സ്വന്തമാക്കാനുള്ള ലേലം നടക്കും. ഡിസംബർ 12നാണ് ലേലം അവസാനിക്കുക. കളിക്കാരുടെ ലേലം ജനുവരി ഒമ്പതിന് നടക്കും. വോളിബാളിന് ഊർജം പകരാനും ജനകീയമാക്കാനും പുതുതലമുറയെ ഇതിലേക്ക് ആകർഷിക്കാനും ലീഗിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സ്പോർട്സ് കൺസൾട്ട് സി.ഇ.ഒ ജിതേന്ദ്ര ജോഷി പറഞ്ഞു. വോളിബാളിൻെറ നഷ്ടപ്രതാപം വീണ്ടെടുക്കാൻ കെ.വി.എൽ വഴി കഴിയുമെന്ന് വോളിബാൾ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി നാലകത്ത് ബഷീർ പറഞ്ഞു. വോളിബാളിൻെറ പ്രചാരണത്തിനും പ്രോൽസാഹനത്തിനുമായി അസോസിയേഷൻ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. വോളിബാൾ മാഗസിൻ പുറത്തിറക്കാൻ പദ്ധതിയുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 122 പേർക്ക് ഏപ്രിലിൽ ഒരുമാസത്തെ കോച്ചിംഗും നൽകും. ലോഗോ പ്രകാശന ചടങ്ങിൽ വോളിബാൾ അസോസിയേഷൻ പ്രസിഡൻറ് ചാർളി ജേക്കബ്, സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ടി.പി.ദാസൻ, മുൻ താരങ്ങളായ മൊയ്തീൻ നൈന, എൻ.സി.ചാക്കോ, എസ്.എ.മധു, സെബാസ്റ്റ്യൻ ജോർജ്, സണ്ണി ജോസഫ് എന്നിവരും പങ്കെടുത്തു.